# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6032        04.07.2019 ൽ മറുപടിക്ക്

### പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഐ.സി.റ്റി.സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | പ്രൊഫ. സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഐ.സി.റ്റി. സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പ്രസ്തുത സെൽ ആരംഭിച്ചത് മുതൽ ഇതിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര്,ഔദ്യോഗിക മേൽവിലാസം, ഉദ്യോസ്ഥരെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഏകജാലക പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിനും ഐ.സി.റ്റി സ്കീം സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മേൽ നോട്ടത്തിനും ഹയർ സെക്കണ്ടറി വിഭാഗത്തിലെ വിവിധ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിൽ നിന്നുള്ള നിർദ്ദേശാനുസരണം 2008 നവംബർ 1 ന് ഹയർ സെക്കണ്ടറി ഡയറക്ടറുടെ നടപടി ക്രമങ്ങളിലൂടെയാണ് ഐ.സി.റ്റി. സെൽ പ്രവർത്തനം ആരംഭിച്ചത്.ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ഒരു ഉദ്യോഗസ്ഥനും, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരേയും ഉൾപ്പെടുത്തിയാണ് സെൽ പ്രവർത്തിക്കുന്നത്. കോർഡിനേറ്റർ, മെമ്പർമാർ എന്ന നിലയിലാണ് ഒദ്യോഗികമായി ഉദ്യോഗസ്ഥരെ തരം തിരിച്ചിരിക്കുന്നത്. വിവിധ കാലയളവുകളിൽ ഐ.സി.റ്റി സെല്ലിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ( ഹയർ സെക്കണ്ടറി വിദ്യാഭ്യാസം) ആയതിനാൽ ഉദ്യോഗസ്ഥരെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ( ബി) | ഐ.സി.റ്റി. സെൽ മുഖേന കമ്മ്യൂണിറ്റി ക്വാട്ട യിലേക്ക് അഡ്മിഷൻ നടത്തുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ; | (ബി) | കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ജനറേറ്റർ സോഫ്റ്റ് വെയർ " ആണ് ഉപയോഗിച്ച് വരുന്നത്. "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് /സെലക്ട് ലിസ്റ്റുകൾ നിർദ്ദിഷ്ട ഷെഡ്യൂൾ അനുസരിച്ചുമാത്രമേ പ്രസി ദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളൂ. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ജനറേറ്റർ സോഫ്റ്റ് വെയർ "- ൽ നിന്നും മെരിറ്റ് അടിസ്ഥാനത്തിൽ ജനറേറ്റ് ചെയ്യുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സെലക്ട് ലിസ്റ്റിൽ നിന്നുമാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രവേശനം നടത്തപ്പെടുന്നത്. |
| (സി) | കമ്മ്യൂണിറ്റി ക്വാട്ടയിലെ പ്രവേശനം അട്ടിമറിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിൽ ചില മാനേജ്മെന്റുകൾ ക്രമക്കേട് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില സ്കൂളുകൾ മറ്റ് സമുദായങ്ങളിൽ പ്പെട്ട വിദ്യാർത്ഥികളെ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തുന്നതിനുമുൻപ് കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ ഉള്ള സ്കൂളുകൾ മൈനോറിറ്റി സർട്ടിഫിക്കറ്റ് ഓൺലൈനായി അപ് ലോഡ് ചെയ്യണമെന്ന് 2018-19 അദ്ധ്യയനവർഷം ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. 2019-20 അധ്യായനവർഷവും കമ്യൂണിറ്റി ക്വാട്ട സീറ്റുകൾ ഉള്ള സ്കൂളുകൾ മൈനോറിറ്റി സർട്ടിഫിക്കറ്റ് ഓൺലൈനായി അപ് ലോഡ് ചെയ്യണമെന്ന് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. 27/5/2019 ലെ സ.ഉ(സാധാ) നം. 1921/2019/പൊ.വി.വ, 03/08/2019 ലെ സ.ഉ.( സാധാ) നം. 2121/2019/പൊ.വി.വ പ്രകാരം |

| | | | |
|---|---|---|---|
| | | | നിബന്ധനകൾക്ക് വിധേയമായി കഴിഞ്ഞ വർഷം കമ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തിയ സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷം തന്നെ ന്യൂനപക്ഷ സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന വ്യവസ്ഥയിൽ കമ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്താൻ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | 2016- 19 കാലയളവിൽ ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും സ്കൂളുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ കൃത്രിമം നടത്തി അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ | (ഡി) | പരാതി ലഭ്യമായതായി കാണുന്നില്ല. എന്നാൽ ആലപ്പുഴ, തുറവൂർ റ്റി.ഡി ഹയർ സെക്കണ്ടറി സ്കൂളിൽ ക്രമവിരുദ്ധമായി 88 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ടി വിദ്യാർത്ഥികളുടെ പ്രവേശനം ക്രമീകരിക്കാത്തതിനാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥികളെ പരീക്ഷ എഴുതിച്ചിട്ടുണ്ട്. വിഷയം കോടതിയുടെ പരിഗണനയിലാണ്. 2019- 20 അദ്ധ്യയനവർഷം പ്രസ്തുത സ്കൂളിൽ, ബഹു. ഹൈക്കോടതി വ്യവസ്ഥകളോടെ കമ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്താൻ ഉത്തരവായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് സർക്കാരിലോ , ഡയറക്ടറേറ്റിലോ, റീജിയണൽ ഡയറക്ടറേറ്റിലോ, ഐ.സി.റ്റി. സെല്ലിലോ നിലവിലുള്ള ഫയലിന്റെ നമ്പറും നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകളും ലഭ്യമാക്കാമോ? | (ഇ) | ഉത്തരം ( ഡി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**വിവിധ കാലയളവുകളിൽ ഐ.സി.റ്റി സെല്ലിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ**

| | | |
|---|---|---|
| 1. | ശ്രീ. എൻ.സുനിൽകുമാർ | കോർഡിനേറ്റർ |
| 2. | ശ്രീ. വിജയതിലകൻ | കോർഡിനേറ്റർ |
| 3. | ശ്രീ.ബി.മുരളീധരൻപിള്ള | കോർഡിനേറ്റർ |
| 4. | ശ്രീ. എം.ആർ.ശ്രീകുമാർ | ഐ.സി.റ്റി.സെൽ മെമ്പർ |
| 5. | ശ്രീ. സജിത്ത് വി.എസ് | ഐ.സി.റ്റി.സെൽ മെമ്പർ |
| 6. | ശ്രീ. അരുൺ കെ.ആർ | ഐ.സി.റ്റി.സെൽ മെമ്പർ |
| 7. | ശ്രീ. രശ്മി സാജൻ | ഐ.സി.റ്റി.സെൽ മെമ്പർ |
| 8 | ശ്രീ. ശശികുമാർ.സി | ഐ.സി.റ്റി.സെൽ മെമ്പർ |
| 9 | ശ്രീമതി. ജിനബാല.എം.എസ് | ഐ.സി.റ്റി.സെൽ മെമ്പർ |
| 10 | ശ്രീ. അബ്ദുൾ റഹ്മാൻ | ഐ.സി.റ്റി.സെൽ മെമ്പർ |
| 11. | ശ്രീ. രാജ്മോഹൻ | ഐ.സി.റ്റി.സെൽ മെമ്പർ |
| 12 | ശ്രീ. സുജൈ ജെ.പി | ഐ.സി.റ്റി.സെൽ മെമ്പർ |
| 13. | ശ്രീമതി. രേഷ്മാരാജ് | ഐ.സി.റ്റി.സെൽ മെമ്പർ |